# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2935          18.06.2019 -ൽ മറുപടിക്ക്**

**പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിൽ എന്തെല്ലാം ക്രമക്കേടുകളാണ് വിവിധ അന്വേഷണ ഏജൻസികൾ കണ്ടെത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) പാലാരിവട്ടം മേൽപ്പാലത്തിൽ 21.11.2017-ൽ CTE നടത്തിയ ഇൻസ്പെക്ഷനിൽ പാലത്തിന്റെ ടാറിംഗിലും ഡെക്ക് കണ്ടിന്യൂറ്റിയിലും കേടുപാടുകൾ ഉള്ളതായും പാലത്തിൽ കൂടിയുള്ള സുഗമമായ ഗതാഗതത്തിനു പോരായ്മ ഉള്ളതായും കണ്ടെത്തിയിരുന്നു. MoRTH ന്റെ കൺസൾട്ടന്റ് ആയ TPFEL -ന്റെ 16.03.2018 ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഗർഡറുകളിലും obligatory span - ലെ പിയർ ഹെഡിലും ഇടപ്പള്ളി വശത്തെ സ്പാനിലെ POTPTFE ബെയറിംഗിലും ക്രാക്കുകൾ ഉള്ളതായും പാലത്തിലെ riding quality മോശമാണെന്നും വൈബ്രേഷൻ കൂടുതലാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് IIT Madras - നെ വിശദമായ പഠനങ്ങൾക്ക് ചുമതലപ്പെടുത്തിയതനുസരിച്ച് മേൽപ്പാലത്തിലെ കേടുപാടുകളെയും അതിൽ |

| | | | |
|---|---|---|---|
| | | | എടുത്തിട്ടുള്ള നടപടികളെയും കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | (ബി) | പാലാരിവട്ടം മേൽപ്പാല നിർമ്മാണത്തിലെ അപാകതകൾ/ അഴിമതി എന്നിവ സംബന്ധിച്ചും സാങ്കേതിക തകരാറുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനുമായി വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമത്തിലെ സെക്ഷൻ 13(1) (d) r/w 13(2) IPC Section 120 (B) വകുപ്പുകൾ പ്രകാരം 1. ശ്രീ.സുമീത്ത് ഗോയൽ, മാനേജിംഗ് ഡയറക്ടർ, ആർ.ഡി.എസ്. പ്രോജക്റ്റ്സ് ലിമിറ്റഡ് (കോൺട്രാക്ടർ), 2. M/s. നാഗേഷ് കൺസൾട്ടൻസി ബാംഗ്ലൂർ 3. കിറ്റ്കോയിലെ ഉദ്യോഗസ്ഥർ 4. ആർ.ബി.ഡി.സി.കെ. ലെ ഉദ്യോഗസ്ഥർ 5. പ്രഥമദൃഷ്ട്യാ തിരിച്ചറിയാത്ത മറ്റുള്ളവർ എന്നിവർക്കെതിരെ വി.സി.01/2019/ഇ.കെ.എം. എന്ന നമ്പരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണം നടത്തിയ Vigilance DYSP നേരിട്ട് FIR കോടതിയിൽ കൊടുത്തതായി പത്രവാർത്തകൾ വന്നു കഴിഞ്ഞ് 11.06.19 ൽ രാവിലെ 9 മണിയ്ക്ക് Vigilance Director അതിന്റെ ഒരു കോപ്പി പൊതുമരാമത്ത് വകുപ്പ് മന്ത്രിയ്ക്ക് |

മെസഞ്ചർ വഴി നൽകിയിരുന്നു. അന്നു തന്നെ പൊതുമരാമത്ത് വകുപ്പ് മന്ത്രി അത് നിയമസഭയേയും അറിയിച്ചിരുന്നു. വിജിലൻസിന്റെ ഔദ്യോഗിക റിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ കുറ്റക്കാർ ആരെല്ലാമെന്ന് അറിയാൻ കഴിയൂ.

സെക്ഷൻ ഓഫീസർ